# കേരള കാർഷിക സർവകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ-മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050


നം : എ2- 1381/26 തീയ്യതി : 06.05.2026

## കശുവണ്ടി ലേലം/ക്വട്ടേഷൻ

ഈ വർഷം സ്റ്റോക്കുള്ള ഏകദേശം 500 കി.ഗ്രാം കശുവണ്ടി ലേലം/ക്വട്ടേഷൻ വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നു. ലേല സമയം **14.05.2026** രാവിലെ 11 മണി. മുദ്ര വെച്ച ക്വട്ടേഷനുകൾ **14.05.2026** രാവിലെ 11 മണി വരെ സ്വീകരിക്കും. വിശദ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0483–2848050

ക്വട്ടേഷൻ/ലേലം വ്യവസ്ഥകൾ

1. ഈ സ്റ്റേഷനിലെ സ്റ്റോറിൽ സംഭരിച്ചിട്ടുള്ള കശുവണ്ടി, ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ലേലത്തിന് മുൻപ് പരിശോധിക്കാവുന്നതാണ്.
2. പരസ്യ ലേലത്തിൽ പങ്കെടുക്കുന്നവരും രഹസ്യ ക്വട്ടേഷൻ തരുന്നവരും കൃത്യ സമയത്ത് ഹാജരായി നിരത ദ്രവ്യമായി 500 രൂപ (അഞ്ഞൂറ് രൂപ ) **14.05.2026** രാവിലെ 11 മണിക്ക് മുൻപായി ഈ ഓഫീസിൽ അടയ്ക്കേണ്ടതാണ്
3. പരസ്യ ലേല സമയം **14.05.2026** രാവിലെ 11 മണി. രഹസ്യ ക്വട്ടേഷനുകൾ **14.05.2026** മണി രാവിലെ 11 മണി വരെ മാത്രമേ സ്വീകരിക്കുകയുള്ളൂ. രഹസ്യ ക്വട്ടേഷനിൽ ഒരു കിലോഗ്രാം കശുവണ്ടിയ്ക്കുള്ള വില അക്കത്തിലും അക്ഷരത്തിലും എഴുതിയിരിയ്ക്കേണ്ടതും, പ്രൊഫസർ & ഹെഡ് കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം എന്ന വിലാസത്തിൽ ആയിരിക്കേണ്ടതുമാണ്. സീൽ ചെയ്ത ക്വട്ടേഷൻ കവറിന് പുറത്ത് കശുവണ്ടി വിൽപ്പനയ്ക്കുള്ള ക്വട്ടേഷൻ എന്ന് എഴുതേണ്ടതാണ്.
4. സർക്കാർ നിയമപ്രകാരം ലേലതുകയ്ക്കു പുറമെ 5% ജി.എസ്.ടി ഈടാക്കുന്നതായിരിക്കും.
5. ലേലം കൊണ്ടയാൾ ലേല ദിവസം വൈകുന്നേരം 3 .00 മണിക്ക് മുൻപ് നികുതിയടക്കമുള്ള ലേല തുകയുടെ മൂന്നിലൊന്ന് തുക ഓഫീസിൽ അടച്ച് രശീത് വാങ്ങേണ്ടതാണ്.
6. ലേലം കൊണ്ടയാൾ ലേല തുകയുടെ 5 % സെക്യൂരിറ്റി തുകയായി ലേല ദിവസം 3 .00 മണിക്ക് മുൻപ് തന്നെ അടയ്ക്കേണ്ടതാണ്
7. ലേലം കൊണ്ടയാൾ 3 ദിവസത്തിനകം നികുതി ഉൾപ്പടെ മുഴുവൻ ലേല തുകയും അടച്ച് രശീത് വാങ്ങേണ്ടതാണ്. അതിനുശേഷം മാത്രമേ കശുവണ്ടി സ്റ്റേഷനിൽ നിന്നും നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.
8. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാളുടെ തൊട്ടടുത്തുവരുന്ന ആളുടെ നിരതദ്രവ്യം, ലേലം കൊണ്ടയാൾ മൂന്നിൽ ഒന്ന് ലേല തുകയും, സെക്യൂരിറ്റി തുകയും അടച്ചതിനു ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
9. കശുവണ്ടി നീക്കം ചെയ്യുന്ന സമയത്ത് സർവ്വകലാശാലയ്ക്ക് എന്തെങ്കിലും തരത്തിൽ നഷ്ടം ഉണ്ടായാൽ അത് ലേലം കൊണ്ടയാളിൽ നിന്ന് ഈടാക്കുന്നതാണ് .
10. ലേലം കൊണ്ടയാൾ ലേല വ്യവസ്ഥകൾ ഏതെങ്കിലും പാലിക്കാതെ വന്നാൽ ലേലം റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ എടുക്കുന്നതാണ്.ലേലം റദ്ദാക്കി പുനർ ലേലം

ചെയ്യേണ്ടിവരുന്നതുകൊണ്ട് സർവ്വകലാശാലയ്ക്ക് നഷ്ടം ഉണ്ടായാൽ അത് ആദ്യ ലേലക്കാരനിൽ നിന്ന് ഈടാക്കുന്നതാണ്.

11. സർക്കാർ ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷൻ/ലേലത്തിനും ബാധകമാണ്.
12. രഹസ്യ ക്വട്ടേഷനിലോ പരസ്യ ലേലത്തിനോ ഏതിലാണോ കൂടുതൽ വില ലഭിക്കുന്നതെന്ന് കണക്കിലെടുത്തായിരിക്കും ലേലം സ്ഥിരപ്പെടുത്തുന്നത്. എന്നാൽ യാതൊരു കാരണവും കാണിക്കാതെ ഈ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്
13. ഈ ലേലം അന്തിമമായി ഉറപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കുവാനുള്ള അധികാരം ആനക്കയം കാർഷിക ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)

പ്രൊഫസർ & ഹെഡ്

പകർപ്പുകൾ:

നോട്ടീസ് ബോർഡ് /ഫാം സൂപ്രണ്ട്/ kauwebsite
ആനക്കയം പഞ്ചായത്ത് ഓഫീസ്/വില്ലേജ് ഓഫീസ്
കൃഷിഭവൻ ആനക്കയം , സ്റ്റേറ്റ് സീഡ് ഫാം ആനക്കയം